# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in&kauagmet@yahoo.co.in**


**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 44/2020(87), ചൊവ്വാഴ്ച | തീയ്യതി 27.10.2020

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 75.3 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 29.0 മുതൽ 32.4 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.1 മുതൽ 21.6 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 91 മുതൽ 97 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 58 മുതൽ 75 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.4 മുതൽ 1.6 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.2 മുതൽ 10.5 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.0 മുതൽ 3.0 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 28.10.2020 | 29.10.2020 | 30.10.2020 | 31.10.2020 | 01.11.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 16 | 14 | 10 | 20 | 18 |
| ഉയർന്ന താപനില (°C) | 33 | 33 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 12 | 8 | 8 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 340 | 320 | 250 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: മഴയ്ക്ക് സാധ്യതയുള്ളപ്പോൾ കീടനാശിനിപ്രയോഗം നടത്തരുത്.** | | |
| നെല്ല് (മുണ്ടകൻ) ഞാറുപരുവം | ഓലചുരുട്ടിപ്പുഴു | മൂടികെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ , നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മില്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| | പട്ടാളപ്പുഴു | നെല്ലിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കുന്നതിനായി,<br>• പാടത്ത് കുറഞ്ഞത് 24 മണിക്കൂറെങ്കിലും വെള്ളം കെട്ടി നിർത്തുക.<br>• നെൽ ചെടികളിലും പാടത്തിന്റെ വരമ്പുകളിലും കളകളിലും 3 മി.ലി ക്ലോറാൻട്രനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നന്നായി തളിക്കുക.<br>• നടീൽ കഴിഞ്ഞിട്ടില്ലാത്ത പാടങ്ങളിൽ ക്ലോറാൻട്രനിലിപ്രോൾ ഗ്രാന്യൂൾസ് 4 കി.ഗ്രാം ഒരു ഏക്കറിന് എന്ന തോതിൽ വളത്തോടൊപ്പം ചേർത്ത് കൊടുക്കുക.<br>• പാടവരമ്പും ചുറ്റുപാടുകളും കള വിമുക്തമാക്കുക. |
| വാഴ | നടീൽ പരുവം | വാഴ നടുന്ന സമയത്ത് ഒരോ വാഴക്കും 250 ഗ്രാം കുമ്മായം വീതം ഇട്ടുകൊടുക്കാവുന്നതാണ്. |
| വഴുതന | വെള്ളീച്ച | വഴുതനയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി പത്തു ദിവസം ഇടവിട്ട് തളിക്കുക. |
| മൃഗസംരക്ഷണം | അധിക അമ്ലതമൂലമുള്ള ദഹനക്കേട് ഒഴിവാക്കുവാനായി 30 ഗ്രാം സോഡാപൊടിയും 1 ടിസ്പൂൺ യീസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്ത് ദിവസേന നൽകുക. | |